**ഉയിർപ്പ് ആറാം ഞായർ**

**യോഹ 17:20-26**

## ദൈവത്തെ വെളിപ്പെടുത്തുന്ന ഐക്യം

റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ

യോഹന്നാന്റെ സുവിശേഷം 13-ാം അധ്യായം 1 മുതൽ 17-ാം അധ്യായം 26 വരെയുള്ള ഭാഗം ഒരൊറ്റ സാഹിത്യ യൂണിറ്റായിട്ടെടുക്കാം. അതാരംഭിക്കുന്നത് ''തനിക്ക് സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു'' എന്ന പ്രസ്താവനയോടെയാണ്. അവസാനിക്കുന്നത് പിതാവും പുത്രനും തമ്മിലുള്ള സ്നേഹഐക്യത്തിലേക്ക് തന്നിൽ വിശ്വസിക്കുന്നവരും കടന്നുവരട്ടെയെന്ന പ്രാർത്ഥനയോടും ആഗ്രഹത്തോടും കൂടിയാണ്. യോഹന്നാന്റെ സുവിശേഷത്തിലെ പതിനേഴാം അധ്യായത്തിലെ യേശുവിന്റെ പ്രാർത്ഥന യേശുവിന്റെ മധ്യസ്ഥ റോളിനെ കൂടുതലായി അടയാളപ്പെടുത്തുന്നു. യേശുവിന്റെ വിടവാങ്ങൽ സന്ദേശത്തിന്റെ സമാപനം ഈ പ്രാർത്ഥനയോടെയാണ്.

പഴയനിയമത്തിലും മോശയുടെ വിടവാങ്ങൽ സന്ദേശം നമ്മൾ കാണുന്നുണ്ട്. നിയമാവർത്തനപുസ്തകത്തിൽ അത് അവസാനിക്കുന്നത് ദൈവത്തിനു സ്തുതിയുടെ ഗീതം ആലപിച്ചുകൊണ്ടാണ്. തുടർന്ന് ഇസ്രായേൽക്കാരെ അനുഗ്രഹിക്കുന്നുണ്ട്. യേശുവിന്റെ പ്രാർത്ഥനയെ കാണേണ്ടത് മരണക്കിടക്കയിലായിരുന്നു കൊണ്ടുള്ള ഒരു പ്രാർത്ഥനയായിട്ടല്ല. ദൈവം തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി സ്വന്തം ജീവിതം സ്വമനസ്സാ അർപ്പിക്കുന്ന ഒരു വ്യക്തിയുടെ പ്രാർത്ഥനയായിട്ട് അതിനെ മനസ്സിലാക്കണം.

ഈ പ്രാർത്ഥനയുടെ അവസാന ഭാഗമാണ് ഇന്നു നാം വായിക്കുന്നത്. അവിടെ തന്നിൽ വിശ്വസിക്കാനിരിക്കുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയാണ്. സഭാമൂഹത്തെയാണ് യോഹന്നാൻ ഇവിടെ അർത്ഥമാക്കുന്നത്. ആ സഭാസമൂഹം എന്തായിരിക്കണമെന്നും ഈ പ്രാർത്ഥനയിലൂടെ യേശു വെളിപ്പെടുത്തുന്നു. ''അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്'' എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്? ആദ്യ തലമുറയിൽപ്പെട്ട വിശ്വാസികളെയും ഭാവി തലമുറയിൽപ്പെട്ട വിശ്വാസികളെയും മാത്രമാണ് ഇത് സൂചിപ്പിക്കുന്നതെന്ന് കരുതേണ്ടതില്ല. ഏതു തലമുറയിലും വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരുമുണ്ടാകും. വിശ്വസിക്കുന്ന സഭാസമൂഹത്തിന്റെ വചനത്തിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും വിശ്വാസത്തിലേക്ക് കടന്നുവരുന്ന എല്ലാവരെയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് യേശുവിന്റെ ഈ പ്രാർത്ഥന ഏതു തലമുറയിൽപ്പെട്ട വിശ്വാസികൾക്കും ഒരു വെല്ലുവിളിയാണ്. യേശുവിന്റെ പ്രാർത്ഥന സ്ഥലകാലങ്ങൾക്ക് അതീതമായ പ്രാർത്ഥനയാണ്.

സഭാസമൂഹത്തിന്റെ ഐക്യത്തിന്റെ ചാലകശക്തിയും അനുഭവ സ്രോതസ്സും പിതാവും പുത്രനും തമ്മിലുള്ള ഐക്യമാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ ഒരു കണ്ണാടിയിലെന്ന പോലെ സഭാസമൂഹത്തിൽ ദൃശ്യമാക്കണമെന്നർത്ഥം. പിതാവ് പുത്രനിലും പുത്രൻ പിതാവിലും ആണെന്ന് വിശ്വസിക്കുന്നവർ ദൈവത്തോടും യേശുവിനോടുമുള്ള ഐക്യത്തിൽ നിലനിന്നുകൊണ്ട് സഭാംഗങ്ങൾ തമ്മിലുള്ള ഐക്യവും സ്നേഹവും മറ്റുള്ളവർക്ക് ദൃശ്യമാക്കുമ്പോഴാണ് പിതാവും പുത്രനും ഒന്നാണെന്നും യേശുവിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയെന്നുമുള്ള സത്യം ദൈവത്തെ അറിയാത്ത മറ്റുള്ളവർ തിരിച്ചറിയുന്നത്. അങ്ങനെയാണ് ശിഷ്യന്മാർ അവരുടെ ദൗത്യം പൂർത്തീകരിക്കുന്നത്. യേശുവിനും ശിഷ്യന്മാർക്കും വിശ്വാസികൾക്കും ഒരേ ദൗത്യമാണുള്ളത്. യേശു പിതാവിനെ വെളിപ്പെടുത്തിക്കൊണ്ട് തന്റെ ദൗത്യം പൂർത്തിയാക്കി. എതിർപ്പുള്ള ലോകത്തിൽ പിതാവിനെ ലോകത്തിന് വെളിപ്പെടുത്തുക എന്ന തന്റെ ദൗത്യം തുടരുന്ന ബലഹീനരായ ശിഷ്യന്മാർക്കുവേണ്ടി യേശു പ്രാർത്ഥിക്കുന്നു. യേശു പിതാവിനാൽ അയക്കപ്പെട്ടവനാണെന്ന്

ശിഷ്യന്മാരുടെ വാക്കുകൾ മൂലം വിശ്വസിക്കുന്നവരും തന്റെ ദൗത്യം തുടരട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് അവർക്കുവേണ്ടിയും യേശു പ്രാർത്ഥിക്കുന്നു.

യേശുവിൽ വിശ്വസിക്കുന്ന ഒരു സമൂഹത്തിന്റെ ഐക്യത്തിന്റെ സാക്ഷ്യം ദൈവത്തെ വെളിപ്പെടുത്തുന്നതാകണം. പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിലൂടെ ഉളവാകുന്ന യേശുവിന്റെ മഹത്വം, വിശ്വസിക്കുന്ന എല്ലാവരും കാണുവാൻ ഇടയാകട്ടെയെന്ന് യേശു ആഗ്രഹിക്കുന്നു.